# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4844** **27/10/2016 ൽ മറുപടി**

## സർക്കാർ സ്കൂൾ കെട്ടിടങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പല സർക്കാർ സ്കൂളുകളിലെയും കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) | 2009-10 കാലയളവിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്കൂൾ ഒന്നിന് 40 ലക്ഷം രൂപാ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 4 ജില്ലകളിലായി 56 സ്കൂളുകളിൽ കെട്ടിടനിർമ്മാണം നടന്നുവരുകയും ചെയ്യുന്നു. കൂടാതെ 2010-11, 2011-12 മുൻ വർഷങ്ങളിൽ അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2016-17 സാമ്പത്തിക വർഷത്തേക്ക് ഈ ഇനത്തിലേക്ക് 100.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 255.11 ലക്ഷം രൂപ ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 86 സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനായി ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ 516 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും 169 സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും 487 സ്കൂളുകളിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റുമായി 3445 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ